KIIDC

KERALA IRRIGATION INFRASTRUCTURE DEVELOPMENT CORPORATION


# കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് കോർപ്പറേഷൻ

**കുമാരപുരം, മെഡിക്കൽ കോളേജ്, തിരുവനന്തപുരം, കേരള**

**ഫോൺ : 0471– 2559656, ഇമെയിൽ : iidctvm@gmail.com**


നമ്പർ : കെ.ഐ.ഐ.ഡി.സി./കെ.പി.എൽ./2013 തിരുവനന്തപുരം

16.10.2014

## ലേല പരസ്യം

കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ ഓഫീസിൽ നിന്ന് പരസ്യപ്പെടുത്തുന്നത്.

കെ.ഐ.ഐ.ഡി.സിയുടെ അധീനതയിലുള്ള തിരുവനന്തപുരം വർക്കല താലൂക്കിലെ കാപ്പിൽ പ്രിയദർശിനി ബോട്ടു ക്ലബ്ബിന്റെ കാലപ്പഴക്കം വന്ന 73 ച.മീ. കെട്ടിടം 31.10.14-നു രാവിലെ 11.30 മണിക്ക് തിരുവനന്തപുരത്തെ ഓഫീസ് കോമ്പൗണ്ടിൽ വച്ച് മാനേജിംഗ് ഡയറക്ടറോ അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥരോ പരസ്യമായി ലേലം ചെയ്യുന്നതാണ്.

പ്രസ്തുത ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേലത്തിനു മുൻപേ 5000/- രൂപ (അയ്യായിരം രൂപ) നിരതദ്രവ്യം കെട്ടിവെച്ച് ലേലത്തിൽ പങ്കെടുക്കേണ്ടതാണ്. കൂടുതൽ തുകയ്ക്ക് ലേലം വിളിക്കുന്ന ആളിന്റെ പേരിൽ ലേലം സ്ഥിരപ്പെടുത്തുകയും ടിയാൻ ലേലത്തുകയും അതിന്റെ വില്പന നികുതിയും അടക്കം അപ്പോൾ തന്നെ കെട്ടിവയ്ക്കേണ്ടതുമാണ്. ലേലം വിളി ആരംഭിക്കുന്നതിനു ഒരു മണിക്കൂർ മുൻപ് വരെ തപാൽ മുഖേന ലഭിക്കുന്ന ദർഘാസുകളും സ്വീകരിക്കുന്നതാണ്. ദർഘാസുകൾ 5000/- രൂപ നിരതദ്രവ്യം സഹിതം മാനേജിംഗ് ഡയറക്ടർ, കെ.ഐ.ഐ.ഡി.സി., തിരുവനന്തപുരം എന്ന വിലാസത്തിൽ ലഭിക്കേണ്ടതാണ്. സ്റ്റേറ്റ് ബാങ്ക്, മറ്റു ദേശസാല്ക്കൃത ബാങ്ക് എന്നിവയിൽ നിന്ന് മാനേജിംഗ് ഡയറക്ടർ, കെ.ഐ.ഐ.ഡി.സി., തിരുവനന്തപുരത്ത് മാറാവുന്ന നിരതദ്രവ്യത്തിനുള്ള ഡിമാൻഡ് ഡ്രാഫ്റ്റ് അടക്കം ചെയ്ത് മുദ്രവച്ച് ടി. ഓഫീസർക്ക് മേൽവിലാസം എഴുതിയ കവർ 31-10-14നു രാവിലെ 10.30 മണിക്ക് മുൻപായി ലഭിക്കേണ്ടതാണ്. അതിനു ശേഷം ലഭിക്കുന്ന ദർഘാസുകൾ സ്വീകരിക്കുന്നതല്ല. തത്സമയം വരെ ലഭിക്കുന്ന

മുദ്രവച്ച ദർഘാസുകൾ അതിനുശേഷം നടക്കുന്ന പരസ്യ ലേലത്തിലും ലഭിക്കുന്ന ഏറ്റവും ഉയർന്ന തുകയ്ക്ക് ലേലം തല്ക്കാലം ഉറപ്പിച്ചു നൽകുന്നതാണ്. ഒന്നിൽ കൂടുതൽ ആളുകൾ ഒരേ സംഖ്യ രേഖപ്പെടുത്തുകയോ അല്ലെങ്കിൽ ദർഘാസ് തുകയും ലേലത്തുകയും ഒരേപോലെ വരികയും ചെയ്താൽ നറുക്കെടുപ്പിലൂടെ ലേലം തൽക്കാലം സ്ഥിരപ്പെടുത്തുകയും, ടിയാൻ ലേലത്തുകയും അതിന്റെ വില്പന നികുതിയും അടക്കമുള്ള മുഴുവൻ തുകയും ലേലസ്ഥലത്ത് വച്ച് അടച്ച് രസീത് വാങ്ങേണ്ടതുമാണ്. ആയതിൽ വീഴ്ചവരുത്തിയാൽ മറ്റൊരു അറിയിപ്പ് കൂടാതെ പുനർലേലം ചെയ്യുന്നതും അതുകൊണ്ടുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് ടിയാൻ ഉത്തരവാദിയാകുന്നതുമാണ്.

ലേലം സ്ഥിരപ്പെടുത്തിയതായുള്ള അറിയിപ്പ് ശേഷം ലേലക്കാരൻ കെട്ടിടം പൊളിച്ച് 15 ദിവസത്തിനകം മാറ്റിത്തരേണ്ടതാണ്. ആയതിനു വീഴ്ച വരുത്തിയാൽ മറ്റൊരു അറിയിപ്പ് കൂടാതെ അതുകൊണ്ട് സർക്കാരിനുള്ള കഷ്ടനഷ്ടങ്ങൾക്ക് ടിയാൻ ഉത്തരവാദിയാകുന്നതാണ്. കൂടാതെ സർക്കാരിന്റെ നിലവിലുള്ള എല്ലാ ലേല നിബന്ധനങ്ങളും ഇതിനു ബാധകമാണ്. പ്രത്യേക കാരണങ്ങൾ ഒന്നും കൂടാതെ ലേലം മാറ്റി വയ്ക്കുന്നതിനോ, റദ്ദ് ചെയ്യുന്നതിനോ ലേലം നടത്തുന്ന ഉദ്യോഗസ്ഥന് അധികാരം ഉണ്ടായിരിക്കുന്നതാണ്. ലേലദിവസം പൊതു അവധി യായി പ്രഖ്യാപിച്ചാൽ അടുത്ത പ്രവൃത്തി ദിവസം അതേ സമയത്തും സ്ഥലത്തും വച്ച് ലേലം നടത്തുന്നതായിരിക്കും.

പൊളിച്ച് മാറ്റേണ്ട കെട്ടിടം നേരിൽ കാണാൻ താൽപ്പര്യമുള്ളവർ കാപ്പിൽ പ്രിയദർശിനി ബോട്ട് ക്ലബ്ബിലെ പ്രോജക്ട് എൻജിനീയറിനെ (9495000871) സമീപി ക്കേണ്ടതാണ്.

എന്ന്

Sd/-

**മാനേജിംഗ് ഡയറക്ടർ**

പകർപ്പ്

1. ജില്ലാ കളക്ടർ, തിരുവനന്തപുരം
2. സെക്രട്ടറി, ഡി.റ്റി.പി.സി.
3. സെക്രട്ടറി, പഞ്ചായത്ത് ഓഫീസ്, ഇടവ
4. വില്ലേജ് ഓഫീസർ, ഇടവ.